23-07-2022

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Suraj S

Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-23/07/2022.

1. കൃഷിഭവനുകളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് സംസ്ഥാനത്തെ കാർഷികരംഗത്തെ പറ്റി മനസ്സിലാക്കാനും ക്രോപ്പ് പ്ലാനിങ് ആൻഡ് കൾട്ടിവേഷൻ, മാർക്കറ്റിംഗ്, എക്സ്റ്റൻഷൻ, അഡ്മിനിസ്ട്രേഷൻ, അനുബന്ധ മേഖലകൾ എന്നിവയിൽ പ്രായോഗിക പരിശീലനം നേടാനും അവസരമൊരുക്കുന്ന ഇന്റേൺഷിപ്പ് പദ്ധതിയിലേക്ക് നാളെ കൂടെ (ജൂലൈ 24 വരെ ) www.keralaagriculture.gov.in എന്ന പോർട്ടലിലൂടെ ഓൺലൈനായി അപേക്ഷിക്കാം.. അഗ്രിക്കൾച്ചർ വി.എച്ച്.എസിപൂർത്തിയാക്കിയവർക്കും, അഗ്രികൾച്ചർ, ഓർഗാനിക്ക് ഫാമിംഗ് എന്നിവയിൽ ഏതെങ്കിലും ഡിപ്ലോമ പൂർത്തിയാക്കിയവർക്കും അപേക്ഷിക്കാവുന്നതാണ്. 01-08-2022 ന് 18 വയസ്സിനും 41 വയസ്സിനും ഇടയിൽ പ്രായപരിധിയി ഉള്ളവരായിരിക്കണം അപേക്ഷകർ. പ്രോത്സാഹനമായി പ്രതിമാസം 2500 രൂപ വീതം നൽകുന്നതാണ്. വിശദവിവരങ്ങൾക്ക് അതാതുകൃഷി ഭവനുമായി ബന്ധപ്പെടുക.

2. വയനാട് ജില്ലയിലെ മാനന്തവാടിയിൽ പന്നികളിൽ ആഫ്രിക്കൻ സ്വൈൻ ഫീവർ (പന്നി പനി ) രോഗം സ്ഥിരീകരിച്ചു. മാനന്തവാടിയിലെ ഫാമിൽ 43 പന്നികളും, തവിഞ്ഞാൽ പഞ്ചായത്തിലെ ഫാമിൽ 1 എണ്ണവും രോഗം ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്. കേരളത്തിൽ രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം The Prevension and Control Of Infectious and Contagious Diseases in Animals Act,2009 (Central Act 27 of 2009 ) പ്രകാരം സംസ്ഥാനത്തിനകത്തേക്കും, പുറത്തേക്കും പന്നികളെ കൊണ്ടുപോകുന്നതിൽ കടുത്ത നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് മൃഗസംരക്ഷണവകുപ്പ് മന്ത്രി അറിയിച്ചു. രോഗം ബാധിച്ച സ്ഥലങ്ങൾ വിദഗ്ദ്ധ സംഘം സന്ദർശിച്ച് സാംപിളുകൾ ശേഖരിക്കുകയും, കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം നൽകുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, എക്സൈസ് വകുപ്പ്, ചരക്കു സേവന നികുതി വകുപ്പ്, പൊലീസ് എന്നിവയുടെ യോജിച്ച പ്രവർത്തനത്തിലൂടെ എല്ലാ അതിർത്തി ചെക്കുപോസ്റ്റുകളിലും പരിശോധന കർശനമാക്കുന്നതിനും, പന്നി, പന്നി ഇറച്ചി, പന്നി മാംസോൽപ്പന്നങ്ങൾ, പന്നി വിസർജ്ജങ്ങൾ എന്നിവ കടത്തിയ വാഹനങ്ങൾ സംസ്ഥാനത്തിനകത്ത് പ്രവേശിപ്പിക്കുന്നത് തടയുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. കാട്ടുപന്നികൾ അസ്വാഭാവിക സാഹചര്യത്തിൽ മരണപ്പെട്ടത്

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ശ്രദ്ധയിൽപ്പെട്ടാൽ വനം വകുപ്പിനെ അറിയിക്കണം. നിയന്ത്രണങ്ങൾ ലംഘിച്ചുകൊണ്ട് പന്നികളെ കടത്താൻ ശ്രമിക്കുന്നവർക്കെതിരെ നിയമ പ്രകാരം കടുത്ത ശിക്ഷാ നടപടികൾ സ്വീകരിക്കും . വൈറസ് രോഗ ബാധ ആയതിനാൽ ഈ രോഗത്തിന് ചികിത്സ ഫലവത്തല്ല. പ്രതിരോധ വാക്സിനും നിലവിൽ ലഭ്യമല്ലാത്തത് സാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പ് നിർദ്ദേശിക്കുന്നതനുസരിച്ചുള്ള ജൈവസുരക്ഷാ സംവിധാനം ശക്തമാക്കുവാൻ എല്ലാ ഫാം ഉടമകളും ശ്രദ്ധിക്കേണ്ടതാണ്.

3. തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം കൃഷിഭവന്റെ പരിധിയിലുള്ള കഴക്കൂട്ടം അയിരൂർപാറ വില്ലേജുകളിലെ പ്രധാനമന്ത്രി കിസാൻ സമ്മാൻ യോജനയുടെ ആനുകൂല്യം തുടർന്നും ലഭിക്കുന്നതിനായി നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന കർഷകർ തങ്ങളുടെ കൃഷിഭൂമിയുടെ വെരിഫിക്കേഷൻ കൃഷിഭവന്റെ എയിംസ് പോർട്ടൽ മുഖേന ഈ മാസം 25-ന് (ജൂലൈ 25) മുമ്പായി ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം തുടർ ആനുകൂല്യം ലഭിക്കുന്നതല്ലെന്നും ലാൻഡ് വെരിഫിക്കേഷൻ ചെയ്യുന്നതിന് കഴക്കൂട്ടം കൃഷിഭവനിൽ ഈ മാസം 25 (ജൂലൈ 25) വരെ ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നതാണെന്നും കൃഷി ഓഫീസർ അറിയിക്കുന്നു.

4. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ ഹാച്ചറി സൂപ്പർവൈസർ തസ്തികയിൽ ഒരു വർഷ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. 20 വയസിനും 30 വയസിനും ഇടയിലുള്ളവർക്ക് അപേക്ഷിക്കാം. പൗൾട്രി പ്രൊഡക്ഷൻ ആന്റ് ബിസിനസ് മാനേജ്മെന്റിൽ ബിഎസ്സി ബിരുദവും ഹാച്ചറിയിൽ ജോലി ചെയ്തതിന്റെ മുൻപരിചയവുമാണ് യോഗ്യത. ബയോഡേറ്റ സഹിതം ഈ മാസം 30-ന് (ജൂലൈ 30) മുമ്പായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ് (കെപ്കോ), ടിസി 30/697, പേട്ട, തിരുവനന്തപുരം – 695024 എന്ന മേൽവിലാസത്തിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446364116** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങൾ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0479-2452277, 9495805541** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. നാളികേര വികസന ബോർഡിന്റെ കീഴിൽ ആലുവ വാഴക്കുളത്ത് പ്രവർത്തിക്കുന്ന സിഡിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വിവിധതരം പരിശീലന പരിപാടികൾ നടത്തി വരുന്നു. ഒരു ദിവസം മുതൽ നാലു ദിവസം വരെ ദൈർഘ്യമുള്ള പരിശീലന പരിപാടികൾ ആണ് നടത്തപ്പെടുന്നത്. നാളികേര ചിപ്സ്, കുക്കീസ്, ചോക്ലേറ്റ്, സ്ക്വാഷ്, ചമ്മന്തിപ്പൊടി, വിനാഗിരി, നാറ്റാ ഡി കൊക്കോ എന്നിങ്ങനെ വിവിധ ഉത്പന്നങ്ങളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0484-2679680** എന്ന ഫോൺ നമ്പരിൽ തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9 മണിക്കും വൈകിട്ട് 5.30 നും ഇടയിൽ ബന്ധപ്പെടാവുന്നതാണ്.

7. ആലപ്പുഴ കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 27-ന് (ജൂലൈ 27) **ശാസ്ത്രീയ ചിപ്പിക്കൂൺ കൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **0479-2449268, 2959268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ വികസന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 26, 27 (ജൂലൈ 26,27) തീയതികളിൽ **ശുദ്ധമായ പാലുത്പാദനം** എന്ന വിഷയത്തിൽ ക്ലാസ്സ് റൂം പരിശീലനം സംഘടിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പരിശീലനാർത്ഥികൾക്ക് അർഹമായ ടി.എ.യും ഡി.എ.യും ഉണ്ടായിരിക്കുന്നതാണ്. താൽപര്യമുള്ള പരിശീലനാർത്ഥികൾ ഈ മാസം 25-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി **8075028868, 9947775978, 0476-2698550** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിനെത്തുന്നവർ ആധാർ കാർഡ്, കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്.

9. **കേരള കാർഷിക സർവകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തി നൽകുന്ന കാർഷിക നിർദ്ദേശങ്ങൾ**

- തുടർച്ചയായ മഴയും മൂടികെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. അതിനാൽ ഒരു ഏക്കർ പാടശേഖരത്തിന് **2 സിസി ട്രൈക്കോഗ്രമ്മ കാർഡ്** വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കുപ്പികളിൽ കുത്തിവെക്കുക. ഓലചുരുട്ടിപ്പുഴുവിന്റെ ആക്രമണം കാണുകയാണെങ്കിൽ 2 മില്ലി **ഫ്ളൂബെൻഡയാമിഡ്** 10 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 3 മില്ലി **ക്ലോറാൻട്രനിലിപ്രോൾ** 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.

- ചെറുമാവുകളിൽ കുമിൾബാധ മൂലമുള്ള കൊമ്പുണക്കം പ്രധാന രോഗമാണ്. ഉണങ്ങിയ ചില്ലയുടെ ചുവടറ്റത്തുള്ള കമ്പ് പരിശോധിച്ചാൽ കുമിൾ ബാധമൂലമുള്ള നിറവ്യത്യാസം കാണാം. അതിനു താഴെ വച്ച് കേടു വന്ന കമ്പ് മുറിച്ചു മാറ്റിയതിനു ശേഷം മുറിപ്പാടിൽ ബോർഡോ കുഴമ്പ് തേയ്ക്കണം. മുറിച്ചു മാറ്റിയ കമ്പുകളും ഉണങ്ങിയ ഇലകളും തീയിട്ടു നശിപ്പിക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം